**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **27-06-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ പൊതുസർവ്വീസ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അഞ്ച് വകുപ്പുകളെ ഏകോപിപ്പിച്ച് രൂപീകരിച്ച തദ്ദേശ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നു. തിരുവനന്തപുരം നന്ദൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടേറ്റ് നിലവിൽ വന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.<br><br>വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുൻസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട് എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022 ലെ തദ്ദേശസ്വയംഭരണ പൊതുസർവീസ് ഓർഡിനൻസ് (2022 ലെ അഞ്ചാം നമ്പർ) തീയതി 31.03.2022 പുറപ്പെടുവിച്ചു.<br><br>ഏകീകൃത വകുപ്പിന്റെയും സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സർവ്വീസ് രൂപീകരണത്തിന് ശേഷം പൊതുജനങ്ങൾക്കും ജീവനക്കാർക്കും ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക് ഗ്രാമ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തു കൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത വകുപ്പ് ഇത് സാധ്യമാക്കുന്നു. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് അത്യന്താപേക്ഷിതമാണ്.<br><br>വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും, നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതു ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്.<br><br>വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടു കൂടി ഭരണ രംഗത്ത് ആസൂത്രണത്തിൽ, ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുവാൻ സഹായിക്കുന്നതാണ്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും, ജില്ലാ പഞ്ചായത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും ഉള്ള ജീവനക്കാർ ഒരേ വകുപ്പിന് കീഴിൽ ആകുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്. |
| (സി) | തദ്ദേശ പൊതുസർവ്വീസ് പ്രാവർത്തികമായതിന് ശേഷം അഞ്ച് വകുപ്പുകളിലെ സമാന തസ്തികകളിൽ നിന്നും പരസ്പരം ട്രാൻസ്ഫർ നടത്തിയിട്ടുണ്ടോ; അത്തരത്തിൽ ട്രാൻസ്ഫറുകൾ നടത്തുമ്പോൾ ജീവനക്കാരുടെ പ്രൊമോഷൻ അടക്കമുള്ള കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ സമാന തസ്തികകളിൽ നിന്നും പരസ്പരം സ്ഥലംമാറ്റം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശപൊതു സർവീസിലെ സമാന തസ്തികകളിൽ നിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുന്നതിന് പൊതുവായ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഈ സർവ്വീസ് പ്രാവർത്തികമായതിന് ശേഷം പ്രസ്തുത വകുപ്പുകളിലെ ജീവനക്കാരെ സംയോജിപ്പിച്ച് പെൻ നമ്പർ, ജി.പി.എഫ്. എന്നീ കാര്യങ്ങളിൽ ഏകോപനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് ഏകീകൃത എസ്റ്റാബ്ലിഷ്മെന്റ് പ്രോസെസ് നടപ്പാക്കുന്ന കാര്യം പരിശോധിക്കുമോ? | (ഇ) | പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ